**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 509** **17-09-2025 - ൽ മറുപടിയ്ക്ക്**

**ഉടുമ്പൻചോല മണ്ഡലവുമായി ബന്ധപ്പെട്ട പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഉടുമ്പൻചോല മണ്ഡലത്തിൽ 2021 മുതൽ 2025 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികൾ ടെൻഡർ ചെയ്യതുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള ടെൻഡർ സേവിംഗ്സ് എത്ര രൂപയാണ്; സാമ്പത്തിക വർഷം തിരിച്ചുള്ള ടെൻഡർ സേവിംഗ്സ് തുകയുടെ വിശദാംശം നൽകുമോ; | (എ) | **വിവരം ശേഖരിച്ചു വരുന്നു** |
| (ബി) | ടെൻഡർ സേവിംഗ്സ് തുക വിനിയോഗിക്കുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) | എംഎൽഎ മാരുടെ പ്രത്യേക വികസന നിധി, നിയോജകമണ്ഡല ആസ്തി വികസന പദ്ധതി എന്നിവ വിനിയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ടെണ്ടർ എക്സസ്/ ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച വ്യവസ്ഥകളിൽ ഭേദഗതി വരുത്തി സ.ഉ(അച്ചടി) നം. 100/2025/ധന, തീയതി 12/08/2025 ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

'ഭരണഭാഷ മാതൃഭാഷ'

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് – എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി, നിയോജകമണ്ഡല ആസ്തി വികസന പദ്ധതി – ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച വ്യവസ്ഥകളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (നോഡൽ സെന്റർ – ബി) വകുപ്പ്**

**സ.ഉ.(അച്ചടി)നം.100/2025/ധന** **തിരുവനന്തപുരം, തീയതി : 12/08/2025**

---

**പരാമർശം:** 1. 29/12/2017 തീയതിയിലെ സ.ഉ(അച്ചടി)നം.161/2017/ധന
2. 04/08/2018 തീയതിയിലെ സ.ഉ(അച്ചടി)നം.119/2018/ധന
3. 31/03/2022 തീയതിയിലെ സ.ഉ(അച്ചടി)നം. 40/2022/ധന
4. 17/12/2022 തീയതിയിലെ സ.ഉ(അച്ചടി)നം.145/2022/ധന

**<u>ഉത്തരവ്</u>**

എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുമായി ബന്ധപ്പെട്ട് പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം (1) ഉത്തരവ് പ്രകാരവും, നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുമായി ബന്ധപ്പെട്ട് പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം (2) ഉത്തരവ് പ്രകാരവും പുറപ്പെടുവിച്ചിരുന്നു.

2. പരാമർശം (3) ഉത്തരവ് പ്രകാരം, പരാമർശം (2) ഉത്തരവിലെ ഖണ്ഡിക 2.8 ഭേദഗതി ചെയ്യുകയും, പരാമർശം (2) ഉത്തരവിൽ 2.8 (a) എന്ന പുതിയ ഖണ്ഡിക കൂട്ടിച്ചേർക്കുകയും ചെയ്തിരുന്നു. തുടർന്ന്, പരാമർശം (4) ഉത്തരവിലൂടെ, പരാമർശം (2) ഉത്തരവിലെ 2.8, 2.8 (a), 2.9 എന്നീ ഖണ്ഡികകൾ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശ ഉത്തരവുകളിലെ ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച് നിരവധി സംശയങ്ങൾ സർക്കാറിനു മുന്നിൽ ഉയർന്നു വന്നിട്ടുണ്ട്.

3. എം.എൽ.എ പ്രത്യേക വികസന നിധിയിലും നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിലുമുള്ള പ്രവൃത്തികൾ, ബഹു. എം.എൽ.എ മാർ അനുവദിക്കുന്ന ഒരു നിശ്ചിത തുകയ്ക്കുള്ളിൽ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കുക എന്നുള്ള ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പ്രവൃത്തികൾ ആയതിനാൽ ടി പ്രവൃത്തികൾക്ക് ടെണ്ടർ എക്സസ് അനുവദിക്കുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (4) ഉത്തരവ് പ്രകാരം, പരാമർശം (2) ഉത്തരവിലെ ഖണ്ഡിക 2.8, 2.8(a), 2.9 വ്യവസ്ഥകളിൽ വരുത്തിയ ഭേദഗതികളും, പരാമർശം (2) ഉത്തരവിലെ ഖണ്ഡിക 2.10 ഉം ചേർത്ത് ഈ ഉത്തരവ് തീയതി പ്രാബല്യത്തിൽ താഴെ പറയുന്ന പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

നിയോജകമണ്ഡല ആസ്തി വികസന പദ്ധതി ഉപയോഗിച്ചുള്ള പ്രവൃത്തികളിൽ ടെണ്ടർ എക്സസ് അനുവദനീയമല്ല. കൂടാതെ ഒരു പ്രവൃത്തിയുടെ യഥാർത്ഥ ചെലവ് അതിന്റെ അന്തിമ ബിൽ തയ്യാറാക്കുമ്പോൾ മാത്രമേ മനസ്സിലാക്കാൻ സാധിക്കൂ. അതിനാൽ, ഓരോ സാമ്പത്തിക വർഷവും ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുമ്പോൾ ഉണ്ടാകുന്ന സേവിംഗ്സ് (Actual Savings), ഏത് സാമ്പത്തിക വർഷമാണോ കണക്കാക്കുന്നത് ആ സാമ്പത്തിക വർഷത്തിലോ തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലോ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാൻ മാത്രം ഉപയോഗിക്കാവുന്നതാണ്. കൂടാതെ ഒരു സാമ്പത്തിക വർഷത്തെ സേവിംഗ്സ്

തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ പരിഗണിക്കുമ്പോൾ പരമാവധി പ്രവൃത്തികളുടെ എണ്ണം 20 എന്ന നിബന്ധനയും 5 കോടി രൂപ എന്ന പരിധിയും നിഷ്കർഷിക്കേണ്ടതില്ല.

5. കൂടാതെ, എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി സംബന്ധിച്ചുള്ള പരാമർശം (1) മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 3.13 ൽ താഴെ പറയുന്ന ഖണ്ഡിക മുൻകാല പ്രാബല്യത്തോടെ കൂട്ടിച്ചേർത്തും ഉത്തരവാകുന്നു.

3.13(iv) എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി ഉപയോഗിച്ചുള്ള പ്രവൃത്തികളിൽ ടെണ്ടർ എക്സസ് അനുവദനീയമല്ല.

6. മേൽ ഭേദഗതികളോടെ പരാമർശം (1), (2), (4) ഉത്തരവുകൾ നിലനിൽക്കുന്നതാണ്.

7. പരാമർശം (2), (3) (4) പ്രകാരം തീർപ്പാക്കിയ കേസുകൾ പുനഃപരിശോധിക്കേണ്ടതില്ല.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**കെ.അനിൽ കുമാർ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

**പകർപ്പ് :**

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ് II) കേരള, തിരുവനന്തപുരം
3. ബഹു. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
5. ബഹു. മന്ത്രിമാരുടെയും ബഹു. പ്രതിപക്ഷ നേതാവിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ
6. എല്ലാ നിയമഭാ സാമാജികർക്കും
7. എല്ലാ ഭരണവകുപ്പുകൾക്കും
8. എല്ലാ വകുപ്പധ്യക്ഷന്മാർക്കും
9. എല്ലാ ജില്ലാ കളക്ടർമാർക്കും
10. അഡീഷണൽ സെക്രട്ടറി, ധനകാര്യ പരിശോധന വിഭാഗം
11. എല്ലാ ചീഫ് എഞ്ചിനീയർമാർക്കും
12. എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും
13. നോഡൽ ഓഫീസർ www.finance.kerala.gov.in
14. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (3132521)

**ഉത്തരവിൻ പ്രകാരം**

**അക്കൗണ്ട്സ് ഓഫീസർ**